ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

തീയതി 13.10.2017

# റോഡ് കയ്യേറ്റത്തിനെതിരെ നടപടി: മന്ത്രി ജി. സുധാകരൻ

കെ.എസ്.റ്റി.പി പ്രവൃത്തി നടത്തുന്ന എം.സി റോഡിൽ ഏറ്റുമാനൂർ ടൗണിൽ സ്വകാര്യ വ്യക്തി കെട്ടിടം നിർമ്മിക്കുന്നതിനായി റോഡ് കയ്യേറി നിർമ്മാണ സാമഗ്രികളായ മെറ്റൽ, എം-സാന്റ് എന്നിവ ശേഖരിച്ചത് സംബന്ധിച്ച പരാതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇവ ഉടൻ നീക്കം ചെയ്യാൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി. സുധാകരൻ കർശന നിർദ്ദേശം നൽകുകയും പ്രസ്തുത സാമഗ്രികൾ റോഡിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തു.

ഗതാഗതത്തിനുള്ള റോഡ് മറ്റു സ്വകാര്യ ആവശ്യങ്ങൾക്കു ഉപയോഗിക്കുന്നതും കയ്യേറുന്നതും സർക്കാർ പാസ്സാക്കിയ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്. പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് ഇക്കാര്യത്തിൽ നിയമനടപടി സ്വീകരിക്കാനുള്ള അധികാരം ഉണ്ടെന്ന് മന്ത്രി പറഞ്ഞു.

ഏറ്റുമാനൂർ ടൗണിലെ കയ്യേറ്റം സംബന്ധിച്ച് പോലീസിലും പരാതി നൽകിയിരുന്നു. ഇനി മുതൽ റോഡിൽ ഒരു വസ്തുവും ഇറക്കി വെയ്ക്കുന്നതല്ലെന്ന കെട്ടിട ഉടമ സത്യവാങ്മൂലം നൽകുകയും മുഴുവൻ സാമഗ്രികളും റോഡിൽ നിന്നു മാറ്റുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മറ്റു നിയമ നടപടികളിൽ നിന്നും ഒഴിവാക്കിയതായും മന്ത്രി പറഞ്ഞു. റോഡുകൾ സ്വകാര്യ ആവശ്യങ്ങൾക്കു ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരോട് മന്ത്രി ആവശ്യപ്പെട്ടു.